(എ) പമ്പാ നദി ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ നദി ശുദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പമ്പാ നദി ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ നൽകുന്നു:

ശബരിമലയിലും പമ്പയിലും മലിനജല ശുദ്ധീകരണ ശാലകൾ സ്ഥാപിക്കുക, കക്കൂസുകളും, കുളിമുറികളും നിർമ്മിക്കുക, പമ്പാ നദിയുടെ സമീപത്തുള്ള ടൗൺഷിപ്പുകളിൽ ശബരിമല തീർത്ഥാടകർക്കായി വിശ്രമ കേന്ദ്രങ്ങളും ശുചീകരണ സംവിധാനവും ഏർപ്പെടുത്തുക, ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തുക, ശബരിമലയിലും പമ്പയിലും പരിസരത്തുള്ള ടൗൺഷിപ്പുകളിലും മാലിന്യ നിർമ്മാർജ്ജന പ്ളാന്റുകൾ സ്ഥാപിക്കുക, ഖരമാലിന്യങ്ങൾ പമ്പാ നദിയിൽ ഒഴുകി എത്തുന്നത് തടയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ജലശുദ്ധീകരണ പ്ളാന്റുകൾ സ്ഥാപിക്കുക, തീർത്ഥാടകർക്കായി പമ്പയിൽ കുളിക്കടവുകൾ സ്ഥാപിക്കുക, പമ്പാനദിയുടെയും കൈവഴികളുടെയും കരകൾ കെട്ടി സംരക്ഷിക്കുക, പമ്പാ നദിയിലും കക്കി നദിയിലും സ്റ്റോറേജ് വിയറുകൾ സ്ഥാപിക്കലും അനുബന്ധ ജോലികളും, വനവൽക്കരണ പരിപാടികൾ, പമ്പാ നദിയുടെ പരിസരത്തുള്ള ടൗൺഷിപ്പുകളിൽ ആധുനിക രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുക, മൊബൈൽ ലാട്രിൻ സ്ഥാപിക്കുക, ബയോമെഡിക്കൽ ട്രീറ്റുമെന്റ് പ്ളാന്റുകൾ സ്ഥാപിക്കുക, ശബരിമല തീർത്ഥാടകരിൽ പരിസര ശുചീകരണത്തിൽ അവബോധം ഉണ്ടാക്കുക.

(ബി) പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും ഭാഗികമായ അംഗീകാരം മാത്രമേ ലഭിച്ചിട്ടുള്ളൂ. പ്രസ്തുത പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരിയാറിൽനിന്നും ആലുവാപ്പുഴയിൽ എത്തിച്ചേരുന്ന വെള്ളം നിമിത്തം സംജാതമാകുന്ന പ്രശ്നങ്ങൾ

10 [5363] ശ്രീ. വർക്കല കഹാർ:
,, എൻ. ശക്തൻ:
,, പി. ജെ. ജോയി:
,, എൻ. ഡി. അപ്പച്ചൻ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാറിൽനിന്നും ആലുവാപ്പുഴയിൽ പ്രതിദിനം എത്തിച്ചേരുന്ന വെള്ളത്തിന്റെ അളവ് എത്രയാണ്;

(ബി) ഇതിൽനിന്നും ശുദ്ധജലവിതരണത്തിനെത്ര അളവ് വെള്ളം ഉപയോഗിക്കപ്പെടുന്നു;

(സി) വ്യാവസായികാവശ്യത്തിന് എത്ര അളവ് വെള്ളമെടുക്കുന്നു;

(ഡി) ജലസേചനത്തിനും കാർഷികാവശ്യത്തിനും എത്ര അളവ് വെള്ളമെടുക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്രയും അളവ് വെള്ളമെടുക്കുന്നതുകൊണ്ട് നദിയിലെ ഒഴുക്ക് കുറയുകയും കടൽ വെള്ളം നദിയിലേയ്ക്ക് തള്ളിക്കയറുകയും ചെയ്യുന്നുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) പെരിയാറിൽനിന്നും 2001-ൽ 1783.42 ദശലക്ഷം ഘനമീറ്റർ (എം.എം.^{3}) വെള്ളവും 2002-ൽ 4037.03 ദശലക്ഷം ഘനമീറ്റർ വെള്ളവും ഒഴുകി എത്തിയിട്ടുണ്ട്.

(ബി) ഏകദേശം 230 എം.എൽ.ഡി.

(സി) ഏകദേശം 463 എം.എൽ.ഡി.

(ഡി) ഏകദേശം 10 എം.എൽ.ഡി.

(ഇ, എഫ്) തുലാവർഷത്തിൽ വേണ്ടത്ര മഴ ലഭിക്കാത്തതുകൊണ്ടും വേനൽ കാലത്ത് നദിയിലേയ്ക്ക് നീരൊഴുക്ക് കുറയുന്നതുകൊണ്ടും പുഴയിൽക്കൂടി കടലിലേയ്ക്ക് ഒഴുകിയെത്തുന്ന വെള്ളത്തിന്റെ അളവ് കുറയുന്നു. ഇതുമൂലം വൃശ്ചിക വേലിയേറ്റ സമയത്ത് കടലിൽനിന്ന് നദിയിലേയ്ക്ക് ഉപ്പുവെള്ളം തള്ളിക്കയറാൻ ഇടവരുന്നുണ്ട്. ഉപ്പുവെള്ളം കയറുന്നത് താല്കാലിക ബണ്ട് നിർമ്മിച്ച് ഇപ്പോൾ തടയുന്നുണ്ട്.

കനാൽ റോഡ് നിർമ്മിക്കുന്നതിന് പ്ളാനും എസ്റ്റിമേറ്റും

11 [5366] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കനോലി കനാലിന്റെ സമീപത്തിലൂടെ അരയടത്ത് പാലം മുതൽ എരഞ്ഞിപ്പാലം വരെ കനാൽ റോഡ് നിർമ്മിക്കാൻ പ്ളാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നടപ്പാക്കാൻ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) കോഴിക്കോട് നഗരത്തിലെ ഗതാഗതകുരുക്കിന് പരിഹാരമാകുന്ന പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത റോഡ് നിർമ്മിക്കാൻ എത്ര സ്ഥലം അക്വയർ ചെയ്യാനുദ്ദേശിക്കുന്നുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കനോലി കനാലിന് കിഴക്കുഭാഗത്തായി എരഞ്ഞിപ്പാലം മുതൽ അരേടത്തു പാലം വരെ രണ്ടു നിര റോഡ്, റോഡിന്റെ ഉപരിതലം മാക്സിമം ഫ്ളഡ് ലവലിൽനിന്ന് 50 സെ.മീ. ഉയർന്നുവരത്തക്കരീതിയിൽ നിർമ്മിക്കുവാൻ 3.05 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 13 കൾവർട്ടുകളും റോഡിന്റെ കിഴക്കുഭാഗത്ത് റീട്ടെയിനിംഗ് വാളും സൈഡ് ഡ്രെയിനും ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly